# പതിമൂന്നാം കേരള നിയമസഭ
## രണ്ടാംസമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 106*** **29.9.2011 ൽ മറുപടിക്ക്**

**ഇ. ടെൻഡർ സംവിധാനം നടപ്പിലാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വർക്കല കഹാർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) മരാമത്ത് വകുപ്പിൽ ഇ. ടെൻഡർ സംവിധാനം നടപ്പാക്കാനുദ്ദേശമുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) പൊതുമരാമത്ത് വകുപ്പിൽ ഇ-ടെൻഡറിംഗ് ഇപ്പോൾ ഭാഗികമായി നടപ്പിലാക്കി വരുന്നു. വേൾഡ് ബാങ്ക് സഹായത്തോടെയുള്ള കെ.എസ്.റ്റി.പി പദ്ധതിയുടെ ഭാഗമായി 2008 ൽ പൊതുമരാമത്ത് വകുപ്പിന്റെ വെബ് അധിഷ്ഠിത ഇ- ഗെവേണൻസ് സിസ്റ്റം (WINGS)നവീകരിക്കുകയുണ്ടായി. ഈ സോഫ്റ്റ് വെയറിൽ ഒരു ഓൺലൈൻ ടെൻഡറിംഗ് സംവിധാനവും ഉൾകൊള്ളിച്ചിരുന്നു. ഇത് ഉപയോഗിച്ച് ഇ- ടെൻഡറിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ 2010 ൽ തന്നെ പൊതുമരാമത്ത് ഐ.റ്റി വിഭാഗത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചിരുന്നു. ഇ- ടെൻഡറിംഗ് ഏർപ്പെടുത്തുന്നതിന്റെ ആദ്യഘട്ടമായി, നിലവിൽ ഈ സോഫ്റ്റ്വെയർ ഉപയോഗിച്ച് ടെണ്ടർ |

പ്രസിദ്ധീകരിക്കുന്നുണ്ട്. നാഷണൽ ഇ. ഗവേണൻസ് പ്രോഗ്രാമിന്റെ ഭാഗമായി എൻ. ഐ. സി. യുടെ സോഫ്റ്റ് വെയർ ഉപയോഗിച്ച് കേന്ദ്ര ധനസഹായത്തോടെ പൊതുമരാമത്ത് വകുപ്പിലും മറ്റ് ചില വകുപ്പുകളിലും ഇ-ടെൻഡറിംഗ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഇതിനായി ഉദ്യോഗസ്ഥർക്കും കരാറുകാർക്കും പരിശീലനം നൽകാനുദ്ദേശിക്കുന്നുണ്ടോ ;

(സി) ഇ- ടെൻഡറിംഗ് നടപ്പിലാക്കു ന്നതിനു മുന്നോടിയായി ഉദ്യോഗസ്ഥർക്കും കരാറുകാർക്കും പരിശീലനം നൽകുന്നതായിരിക്കും

(ഡി) എൻ. ഐ. സി. യുമായി സഹകരിച്ച് ഇ.ടെൻഡർ സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

(ഡി) നാഷണൽ ഇ. ഗവേണൻസ് പ്രോഗ്രാമിന്റെ (NeGP) ഭാഗമായി എൻ. ഐ. സി. യുടെ സോഫ്റ്റ് വെയർ ഉപയോഗിച്ച് കേരളത്തിലെ എല്ലാ സംസ്ഥാന ഗവൺമെന്റ് വകുപ്പുകളിലും ഇ- ടെൻഡറിംഗ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ ഇ-ടെൻഡറിംഗ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ